<u>പതിമൂന്നാം കേരള നിയമസഭ</u>

<u>പതിനാലാം സമ്മേളനം</u>

1.7.2015 – ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിട്ട
നിയമസഭാ ചോദ്യം നമ്പർ: 96

# കയർ വ്യവസായത്തിന്റെ പുരോഗതി

<u>ചോദ്യം</u>

ശ്രീമതി. ജമീലാ പ്രകാശം
ശ്രീ. മാത്യു റ്റി തോമസ്,
" സി.കെ.നാണു
" ജോസ് തെറ്റയിൽ

<u>ഉത്തരം</u>

ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പമന്ത്രി)

എ) കയർ വ്യവസായത്തിന്റെ നിലനിൽപ്പിനും പുരോഗതിക്കും വേണ്ടി പുതിയ പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

എ) കയർ വ്യവസായത്തിന്റെ പുരോഗതിക്കായി സർക്കാർ വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് 'തൊണ്ട് സംഭരണവും ചകിരി ഉല്പാദനവും' എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അംഗീകാരം നൽകിയിട്ടു ണ്ട്. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലു ണ്ടായിരുന്ന പ ദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തിക്കൊ ണ്ടുള്ളതാണ് ഈ പുതിയ പദ്ധതി. നാളികേര വികസന ബോർഡുമായിട്ടുള്ള 90,90,000/- രൂപയുടെ പ്രോജക്ടിനും സർക്കാർ അംഗീകാരം നൽകിയിട്ടു ണ്ട്.

ബി) എങ്കിൽ ആയത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ ?

ബി) കയർ മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് മുടക്കം കൂടാതെ തൊഴിൽ നൽകുന്നതിനും കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനും കയർ മേഖലയിലെ ചകിരി ക്ഷാമത്തിന് ശാശ്വതമായ പരിഹാരം കാണുന്നതിനും ലക്ഷ്യമിട്ടാണ് 'തൊണ്ട് **സംഭരണവും ചകിരി ഉല്പാദനവും'** എന്ന ഒരു പുതിയ പദ്ധതി നടപ്പാക്കുന്നത്. ഈ പദ്ധതി പ്രകാരം, തൊണ്ട് സംഭരിച്ച് ചകിരി ഉല്പാദിപ്പിക്കുന്ന

സ്ഥാപനത്തിൽ എത്തിക്കുന്നവർക്ക് വർദ്ധിപ്പിച്ച തോതിൽ ഇൻസെന്റീവ് നൽകിക്കൊണ്ടും, കയർ മേഖലയിൽ സഹകരണ സംഘങ്ങൾക്ക് തൊണ്ട് സംഭരിക്കുന്നവർക്ക് വാഹന വാടക നൽകിക്കൊണ്ടും തൊഴിലാളികൾ തൊണ്ട് സംഭരിച്ചു നൽകുമ്പോൾ തൊണ്ടു ശേഖരിക്കുന്ന തൊഴിലാളിക്ക് പ്രതിദിന വേതനവും കൂടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിനും, ഓരോ 100 ഉണക്കത്തൊണ്ടിനും സർക്കാർ വിഹിതം നൽകിയും തൊണ്ട് സംഭരിക്കുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനം കൂടാതെ സംഭരണ ഇൻസെന്റീവും ലഭിക്കുന്ന തരത്തിലും കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്

05.02.2015 ലാണ് പുതിയ തൊണ്ട് സംഭരണ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ അനുമതി നൽകിയത്. കയർ വകുപ്പിലെ ഉദ്യോഗസ്ഥർ, കയർ വകുപ്പിനു കീഴിലെ സ്ഥാപനങ്ങളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവരെ പങ്കെടുപ്പിച്ചുകൊണ്ടും, എല്ലാ കയർ പ്രോജക്റ്റ് ഓഫീസുകളുടെയും പരിധിയിൽ വരുന്ന കയർ സഹകരണ സംഘങ്ങളെ പങ്കെടുപ്പിച്ചുകൊണ്ടും സെമിനാറുകൾ നടത്തി പ്രസ്തുത പദ്ധതിയെക്കുറിച്ച് വിശദീകരിച്ചിരുന്നു. പദ്ധതി നടപ്പാക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ